**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6186** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമൂലമുള്ള അധിക ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുമ്പോൾ സാമ്പത്തിക നില ഭദ്രമല്ലാത്ത സഹകരണ സംഘങ്ങൾക്ക് സോഫ്റ്റ്‌വെയർ സംബന്ധിച്ച ചെലവുകൾ അധിക ബാധ്യത സൃഷ്ടിക്കുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി SaaS മോഡൽ സോഫ്റ്റ്‌വെയറിനാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. ആയത് പ്രകാരം One Time Implementation Cost ആയി 636045269.912 രൂപയും, ആറ് വർഷക്കാലയളവിലേക്ക് Recurring Expense ആയി 1428327894.212 രൂപയും ആണ് ആകെ നൽകേണ്ടത്. One Time Implementation Cost പൂർണമായും സർക്കാർ വഹിക്കുന്നതിനും, പ്രതിമാസ സർവീസ് ചാർജ് സംഘങ്ങൾ വഹിക്കുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതു പ്രകാരം ഒരു പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചിനെ ഒരു യൂണിറ്റായി കണക്കിലെടുത്ത് പ്രതിമാസ ആവർത്തനചെലവായി 4,493.29 രൂപ സംഘം വഹിക്കേണ്ടതാണ്. സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾക്ക് നൽകി വരുന്ന AMC തുകയേക്കാൾ കുറവാണ് ഏകീകൃത സോഫ്റ്റ് വെയറിനായുള്ള ആവർത്തന ചെലവെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സഹകരണ സംഘങ്ങളെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഒരു പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചിനെ ഒരു യൂണിറ്റായി കണക്കിലെടുത്ത് പ്രതിമാസ ആവർത്തനചെലവായി 4,493.29 രൂപ സംഘം ആറ് വർഷ കാലയളവിലേക്ക് വഹിക്കേണ്ടതാണ്. സാമ്പത്തിക ശേഷികുറഞ്ഞ സംഘങ്ങളുടെ പ്രതിമാസ സർവീസ് ചാർജ് അടക്കുന്നതിൽ സഹായിക്കുന്നതിനായി ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ